# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2039** | **07.12.2015-ൽ മറുപടിക്ക്**

### എസ്. ആർ. അരുണിന്റെ തിരോധാനം

**ചോദ്യം**

**ശ്രീ.ബി.സത്യൻ**

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) വി. ഇ. ഒ. ആയി ജോലി ചെയ്തിരുന്ന ആറ്റിങ്ങൽ അവനവൻചേരി അശ്വതിഭവനിൽ ശശിധരന്റെ മകൻ എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കിടെ കാണാതായ സംഭവവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(എ) അരുണിനെ കാണാതായ കാര്യത്തിന് പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ ക്രൈം 1327/15 നമ്പരായി 05.11.2015ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു.

01.12.2015ന് ഉച്ചയ്ക്ക് ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശാസ്താംമുകൾ എന്ന സ്ഥലത്തിനു സമീപമുള്ള പാറമടയിൽ അഴുകിയ നിലയിൽ ഒരു പുരുഷ ജഡം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് ചോറ്റാനിക്കര പോലീസ് എത്തി മൃതദേഹം വെള്ളത്തിൽ നിന്നും കയറ്റി പോലീസ് നടപടിക്രമങ്ങൾക്ക് ശേഷം പോസ്റ്റ്മാർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

കൃത്യസ്ഥലത്ത് പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടറും മറ്റും എത്തി അന്വേഷണം നടത്തിയതിൽ കാണാതായ സമയം ടി അരുൺ ധരിച്ചിരുന്ന വസ്ത്രവും, മൃതദേഹത്തിൽ കാണപ്പെട്ട വസ്ത്രവും തമ്മിൽ സാമ്യം തോന്നുകയും മൃതദേഹത്തിൽ നിന്നും

| | |
|---|---|
| | ലഭിച്ച മൊബൈൽ ഫോണിലെ സിം കാർഡ് പരിശോധിച്ചതിൽ ആയത് ടി അരുണിന്റെ സിം ആണെന്ന് മനസ്സിലാവുകയും ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ബന്ധുക്കളെത്തി മൃതദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്. |
| (ബി) ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്ന് പ്രസ്തുത കേസ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഇതു സംബന്ധിച്ച കേസ് പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ തുടരന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ